DESPATCHED
On...16/3/23

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം


തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in


**ഹർജി നമ്പർ CP. 484(2)/2022/എസ്.ഐ.സി തീർപ്പ് കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**(ഫയൽ നമ്പർ 17218/എസ്.ഐ.സി-ജി6/2022)**

**സന്നിഹിതൻ**
**ഡോ. കെ. എൽ. വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീമതി. ഷമീല ആന്റണി,
അറയ്ക്കൽ ഹൗസ്,
മുളവുകാട് (പി.ഒ), എറണാകുളം - 682 504. } ഹർജിക്കാരി

Vs

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ജൂനിയർ സൂപ്രണ്ട് (സർവ്വെ & പോക്കുവരവ്
വിഭാഗം),
താലൂക്ക് ഓഫീസ്, കണയന്നൂർ, എറണാകുളം } എതിർകക്ഷി

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 17/08/2022 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 14/09/2022 |
| കമ്മീഷനിൽ പരാതി ഹർജി നൽകിയ തീയതി | 11/11/2022 |
| കമ്മീഷനിൽ പരാതി ഹർജി കൈപ്പറ്റിയ തീയതി | 15/11/2022 |
| കമ്മീഷനിൽ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 29/11/2022 |
| കമ്മീഷനിൽ റിപ്പോർട്ട ലഭിച്ച തീയതി | 13/12/2022 |
| ഹിയറിംഗ് നടന്ന തീയതി :<br>സ്ഥലം : | 10/02/2023<br>ഗവ. ഗസ്റ്റ് ഹൗസ് കോൺഫറൻസ് ഹാൾ, എറണാകുളം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം : പരാതി ഹർജിക്കാരി<br>എസ്.പി.ഐ.ഒ | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 18(1) വകുപ്പ പ്രകാരം പരാതി ഹർജിക്കാരിയായ ശ്രീമതി. ഷമീല ആന്റണി 11/11/2022 തീയതി സമർപ്പിച്ച

പരാതി ഹർജി 15/11/2022 തീയതിയിൽ കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് CP. No. 484(2)/2022/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. പരാതി ഹർജിക്കാരി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച ഹർജിയിൽ ബോധിപ്പിച്ചത്, ടിയാളുടെ വിവരാവകാശ അപേക്ഷയ്ക്ക് ലഭിച്ച മറുപടി തൃപ്തികരമല്ല എന്ന ആക്ഷേപമാണ്.

3. എതിർകക്ഷി മുമ്പാകെ 17/08/2022 തീയതി സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരി ആവശ്യപ്പെട്ടത് S1-11427/20 നമ്പർ പ്രകാരം അപേക്ഷ സമർപ്പിച്ചത് ആരാണെന്നും, ടിയാളുടെ സ്ഥലം അളന്ന് തിട്ടപ്പെടുത്താൻ പണം കെട്ടിവെച്ചത് ആരാണെന്നും, തുക എത്രയെന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കണമെന്നാണ്.

മേൽപ്പടി അപേക്ഷയ്ക്ക് എതിർകക്ഷി 14/09/2022-ൽ ഹർജിക്കാരിക്ക് മറുപടിയും നൽകിയിട്ടുണ്ട്.

4. 8/12/2022 തീയതി എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിട്ടുള്ളത്, അപേക്ഷകയ്ക്ക് മറുപടി കൊടുക്കുന്നതിന്റെ ഭാഗമായി ടി കാര്യാലയത്തിലെ രജിസ്റ്റർ പരിശോധിച്ചതിൽ അപേക്ഷക ആവശ്യപ്പെട്ട ഫയൽ പ്രകാരം സർവ്വെ നടപടികൾക്കായി അപേക്ഷ സമർപ്പിച്ചിട്ടുള്ളത് മുളവുകാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ആയതിനാൽ ടി വിവരം അപേക്ഷകയെ 14/09/2022-ന് അറിയിച്ചിട്ടുണ്ടെന്നുമാണ്.

5. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും ഇരുകക്ഷികളെയും കേട്ടതിലും വിവരാവകാശ നിയമം സെക്ഷൻ 7(8)(ii)(iii) പ്രകാരമല്ല ഹർജിക്കാരിയ്ക്ക് മറുപടി നൽകിയെന്നതിനാൽ എതിർകക്ഷിയെ കമ്മീഷൻ ശക്തമായി താക്കീതു ചെയ്യുന്നു. ഹർജിക്കാരി ആവശ്യപ്പെട്ട ലഭ്യമായ വിവരങ്ങൾ നൽകിയതിനാൽ ടി ഹർജിയിന്മേൽ തുടർ നടപടികൾ അവസാനിപ്പിച്ചുകൊണ്ട് ഇന്നേ ദിവസം 2023 ഫെബ്രുവരി 28 തീയതി കമ്മീഷൻ ഉത്തരവാകുന്നു.

**(ഒപ്പ്)**
**ഡോ. കെ.എൽ. വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**അഡീഷണൽ സെക്രട്ടറി (നിയമം)**

AV